
നവോത്ഥാന
കേരളം
NH 47

# NAVOTHANA KERALAM

**Renaissance in Kerala**

**(മലയാളം)**

(Malayalam)
**Navothana Keralam**
By K.O. Johnson
First Published June 2004
Cover Page Designed by: K.O. Johnson
Printed at Thushara, Pudukad, Thrissur (Dt.)
Copyright Reserved
JSCS Publications Amballur, Thrissur



കഴിവും ബുദ്ധിയുമുള്ള ഒരു ജനതയെ ആർക്കും പൂർണ്ണമായി തോല്പിക്കാനാവില്ല. കുറച്ച്കാലം തിരശ്ശീലക്ക് പിന്നിൽ നില്ക്കേണ്ടി വന്നാലും അവർ തിരിച്ച് വരും. ചരിത്രം തുടർക്കഥയാകുന്നു. ആരും സഹായിച്ചില്ലെങ്കിലും വികസനത്തെ ആട്ടിയോടിച്ചാലും, അടർത്തി മാറ്റിയാലും കേരളം കരുത്തുറ്റ ഒരു സമ്പന്ന സംസ്ഥാനമായി തിരിച്ചുവരും. തുടർന്ന് നമ്മുടെ ഇന്ത്യയും! എനിക്ക് വിശ്വാസമുണ്ട്.



# ഈ പുസ്തകത്തെക്കുറിച്ച്

ലോകബാങ്കിന്റേയോ, കേന്ദ്രഗവൺമെന്റിന്റേയോ മറ്റുള്ള സംഘടനകളുടേയോ സഹായമില്ലാതെ തന്നെ കേരളത്തിലെ ഗവൺമെന്റും, ജനങ്ങളും, വിദേശ ഇന്ത്യക്കാരും വിചാരിച്ചാൽ മാത്രം നടപ്പിലാവുകയും, നടപ്പിലാക്കാൻ കഴിയുന്നതുമായ കാര്യങ്ങളാണ് ഈ പുസ്തകത്തിലെഴുതിയിരിക്കുന്നത്.

ഒട്ടേറെ ബുദ്ധിയും, കഴിവും, വിദ്യാഭ്യാസവുമുള്ള ഒരു ജനത തകർന്നു തരിപ്പണമാകുന്ന കാഴ്ചയും; തൊഴിലില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട് മൂലമുള്ള കൂട്ട ആത്മഹത്യ, മോഷണം, കൊലപാതകം; തുടങ്ങിയവ ഒരു ഭാഗത്തും, മറുഭാഗത്ത് മദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് കച്ചവടം തുടർന്നുള്ള ഒട്ടേറെ സാമൂഹ്യവിരുദ്ധമേഖലകളിൽ വ്യാപൃതരാവുകയും അതിനുശേഷം ഉണ്ടാവുന്ന അനിഷ്ട സംഭവങ്ങളിൽ ജനങ്ങൾ ജാതിഭേദമന്യേ നിലവിളിക്കുമ്പോൾ ഒന്നും ചെയ്യാൻ കഴിയാതെ വരുമ്പോൾ, വെറുതെ ഇരിക്കുന്ന മാറിമാറി വരുന്ന എല്ലാ സംസ്ഥാന സർക്കാരുകളും ഒപ്പം കരയുകയും, ഇരുട്ടിൽ തപ്പുകയും ചെയ്യുന്നതുകാണുമ്പോൾ ഇനിയെന്ത്? എന്തു പറയാൻ, എന്തു ചെയ്യാൻ എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ നമുക്ക് തെറ്റി.

ഒട്ടേറെ തൊഴിലുകൾ ഞാൻ ചെയ്തിട്ടുണ്ട്, കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും വളരെ വളരെയധികം യാത്ര ചെയ്യുകയും കൂടാതെ

തെക്കേ ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്. ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും, ഒട്ടുമിക്ക രാജ്യങ്ങളിലും ജോലി ചെയ്തിരുന്നവരുമായി ചർച്ച ചെയ്യുകയും, വ്യത്യസ്ഥ സംസ്ക്കാരങ്ങളെപ്പറ്റി അഭിപ്രായം അറിയുകയും ചെയ്തിട്ടുള്ള എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ യാതൊരു വിധത്തിലുള്ള നിയമകുരുക്കുകളോ, ജനങ്ങളുടെ എതിർപ്പുകളോ കൂടാതെ ഏറ്റവും വേഗത്തിൽ നടപ്പിലാക്കുകയും ചെയ്താൽ കേവലം ഒരു മാസത്തിനുള്ളിൽ തന്നെ കേരളത്തിൽ യഥാർത്ഥത്തിലുള്ള മാറ്റങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയുകയും, ജപ്പാൻ, ദക്ഷിണ കൊറിയ, പശ്ചിമ യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയ സമ്പന്നരാജ്യങ്ങളെപ്പോലെയുള്ള ഏറ്റവും മനോഹരമായ മുഖം ഈ കൊച്ചു കേരളത്തിലും, ദൈവത്തിന്റെ നാട്ടിലും നമുക്ക് കാണാൻ കഴിയും എന്ന് എനിക്ക് പരിപൂർണ്ണമായ വിശ്വാസമുണ്ട്.

നന്ദി

എന്ന്,

**K.O. Johnson**
Auto Consultant
JPMDS
Amballur, Thrissur
Phone : 0480-2753121 (Offi)
2750906 (Resi)
Mobile : 9895050906, 9447050906

## അവതാരിക

നവോത്ഥാന കാലഘട്ടം ലോകത്തിന് നൽകിയത് ഗ്രീക്ക് ചിന്ത യുടെ പുനരാവിഷ്ക്കരണമായിരുന്നു. സ്വന്തം സമൂഹത്തിന്റെ ഉന്നത രൂപങ്ങളെ അന്വേഷിക്കുകയും, അന്വേഷിച്ച് കണ്ടെത്തിയ മാതൃക യനുസരിച്ച് സമൂഹത്തെ പുനർസൃഷ്ടിക്കുകയും ചെയ്യുന്നതിലൂ ടെയാണ് സാമൂഹിക പുരോഗതി ഉണ്ടാകുന്നതെന്ന പ്ലാറ്റോയുടെ അഭിപ്രായത്തെ പ്രായോഗികമാക്കിയതാണ് നവോത്ഥാനം. ഇന്ത്യ യുടെ രാഷ്ട്രപതി സമാദരണീയനായ അബ്ദുൾ കലാം രാജ്യ ത്തിന്റെ ഭാവി കണ്ടെത്തുന്നത് സമൂഹത്തെകുറിച്ച് സ്വപ്നം കാണുന്ന യുവാക്കളിലാണ്.

ഇത്തരത്തിൽ സമൂഹത്തിന്റെ നല്ല ഭാവിയെക്കുറിച്ച് സ്വപ്നം കാണുന്ന യുവാവാണ് ശ്രീമാൻ കെ.ഒ. ജോൺസൺ. അദ്ദേഹത്തിന്റെ 'നവോത്ഥാന കേരളം' എന്ന ഈ ചെറുഗ്രന്ഥം സ്വപ്നം കാണാൻ നമ്മെ സഹായിക്കും. കേരളത്തിലെ യുവാക്കൾക്ക് മോഹങ്ങളേ യുള്ളൂ, സ്വപ്നങ്ങളില്ല. മോഹങ്ങളും സ്വപ്നങ്ങളും തമ്മിൽ അടി സ്ഥാനപരമായ വ്യത്യാസമുണ്ട്. സ്വന്തം ആഗ്രഹപൂർത്തീകരണ ത്തിനായുള്ള ഒടുങ്ങാത്ത തൃഷ്ണയാണ് മോഹങ്ങൾ. എനിക്ക് ഉന്ന തവിദ്യാഭ്യാസം വേണം, ഉയർന്ന വരുമാനം വേണം, സുന്ദരമായ വീട് വേണം, സുന്ദരിയായ ഭാര്യ വേണം, വിദേശത്തേക്ക് വിനോദ യാത്ര പോകണം, ഫോറിൻ കാറ് വാങ്ങണം, ഭാവി സുരക്ഷിതമാ ക്കാൻ ബാങ്ക് ബാലൻസ് വേണം എന്ന മോഹവലയത്തിലാണ് യുവാ ക്കൾ. സമൂഹത്തിന്റെയും, പ്രപഞ്ചത്തിന്റെയും ആന്തരികനിയമങ്ങൾ ഞാൻ കണ്ടെത്തും, കണ്ടെത്തിയ നിയമങ്ങൾക്കനുസരിച്ച് ഞാൻ പ്രപഞ്ചത്തെയും, സമൂഹത്തെയും രൂപാന്തരപ്പെടുത്തും, അതിനായി

ഞാനെന്റെ ജീവിതം വ്യയം ചെയ്യും എന്ന ആഗ്രഹമാണ് സ്വപ്നങ്ങൾ. ആദ്യത്തേത് മനുഷ്യനിലെ മൃഗീയവാസനയാണ്, രണ്ടാമത്തേത് മനുഷ്യനിലെ മനുഷ്യത്വമാണ്. ഈ ഗ്രന്ഥത്തിലെ സ്വപ്നങ്ങൾ ഒരുപക്ഷേ യാഥാർത്ഥ്യമാക്കാൻ കഴിയാത്തതാകാം. എങ്കിലും ഈ ഗ്രന്ഥം സ്വപ്നം കാണാൻ വായനക്കാരനെ സഹായിക്കും. സമൂത്തിന്റെ നന്മയെക്കുറിച്ചും, പുതിയ മാതൃകകളെക്കുറിച്ചും സ്വപ്നം കാണുന്ന ഒരു യുവജനസമൂഹം രൂപീകൃതമാകാൻ ഈ ഗ്രന്ഥം ഒരു പ്രചോദനമാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

**Prof. K.M. Francis**
Economics Department
St. Thomas College, Thrissur

## അവതാരിക



'നവോത്ഥാന കേരളം' എന്ന ഈ കൃതി കേരള ജനതയുടെ സാമ്പത്തിക ഭദ്രത ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു ആത്മാവിഷ്കാരമാണ്. സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലകളിൽ ഏറെ മുന്നിൽ നിൽക്കുന്ന കേരളം സാമ്പത്തികമായി ദുരിതമനുഭവിക്കുന്നുവെങ്കിൽ അത് നമ്മുടെ പ്രായോഗിക പരിജ്ഞാനത്തിന്റെ അഭാവമാണ് പ്രകടമാക്കുന്നത്. വിരലിലെണ്ണാവുന്ന ചില പ്രവർത്തനമേഖലകളെ മാത്രം സ്വാംശീകരിച്ച് അവിടെ വരുത്താവുന്ന നൂതനശൈലികളെ ഗ്രന്ഥകാരൻ ഈ കൃതിയിലൂടെ വിശദമാക്കുന്നു. ഈ ഉദ്യമത്തിന്റെ ഉദ്ദേശ്യശുദ്ധിയും, ഈ കൃതിയിലൂടെ കൈക്കൊള്ളുന്ന സംവാദവും ഏറെ പ്രശംസനീയമാണ്. അനുഭവ പരിചയവും, പൊതുജനസമ്പർക്കവും, പ്രായോഗിക കാഴ്ചപ്പാടും കൊണ്ട് സംപുഷ്ടമായ ഒരു ആഖ്യാന രീതിയാണ് ഗ്രന്ഥകാരൻ അവലംബിച്ചിരിക്കുന്നത്. ഒരു നല്ല മാറ്റത്തിനുവേണ്ടിയുള്ള മണിമുഴക്കം ഈ പുസ്തകത്താളുകളിൽ ശ്രവ്യമാണ്.

ഈ കൃതിയിൽ ഗ്രന്ഥകാരൻ കാര്യകാരണസഹിതം സ്പഷ്ടമാക്കുന്ന വസ്തുതകൾ പ്രായോഗികമാക്കാൻ ശ്രമിച്ചാൽ അത് കേരളത്തിൽ ഒരു പുത്തനുണർവ്വ് സംജാതമാക്കുമെന്നതിൽ സംശയമില്ല. ഈ കൃതിയുടെ പൂർണ്ണതയിൽ ഗ്രന്ഥകാരന്റെ പ്രയത്നത്തെ അഭിനന്ദിക്കുകയും, ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു. അനുവാചക ഹൃദയങ്ങളിൽ ഈ കൃതി നവോത്ഥാനത്തിന്റെ കാഹളധ്വനി മുഴക്കട്ടെ എന്നാശംസിച്ചുകൊണ്ട്,

(ഒപ്പ്)

സ്ഥലം: പുതുക്കാട്
തിയ്യതി: 18.06.2004

**Dr. K.A. Joy** M.Sc., B.Ed., M.Phil., Ph.D.

## *പുസ്തക പേജുകളിൽ*

1. ഓരോ ജില്ലാ കേന്ദ്രങ്ങളേയും സ്വതന്ത്രസമ്പദ്‌വ്യവസ്ഥയാക്കുക
2. വാഹന നികുതി
3. ലോട്ടറി സമ്പ്രദായത്തിന്റെ നവീകരണം
4. കള്ള് ചെത്തിന്റെ നൂതനമായ ആവിഷ്ക്കാരം
5. പൊതുമേഖലയിലെ റോഡുകളും ഗതാഗതവും
6. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും സ്ഥലങ്ങളും
7. നാഷണൽ പെർമിറ്റ്
8. മണലിന്റെ ലഭ്യത
9. ചെറുകിട ഉൽപ്പന്നങ്ങളുട ശേഖരണവും, വിതരണവും

**“അടിക്കുറിപ്പുകൾ”**

## 1. ഓരോ ജില്ലാ കേന്ദ്രങ്ങളേയും സ്വതന്ത്രസമ്പദ്വ്യവസ്ഥയാക്കുക

സംസ്ഥാനത്തെ ഓരോ ജില്ലാകേന്ദ്രങ്ങളും ഓരോ പട്ടണങ്ങളാണല്ലോ. ഇത്തരം മുൻസിപ്പാലിറ്റികളോ, കോർപ്പറേഷനുകളോ, സർക്കാരിന്റേയോ മറ്റു ഏജൻസികളുടെയോ സാമ്പത്തിക സഹായം കൂടാതെയോ, സ്വതന്ത്ര സമ്പദ്വ്യവസ്ഥയുടെ പിൻബലത്തിൽ മുൻപോട്ട് നയിക്കാവുന്നതാണ്. ഉദാഹരണം ഒരു കോർപ്പറേഷന്റെ സമ്പദ്ഘടന ഒരു ബാങ്കിനെ ഏൽപ്പിക്കുക. 'X' എന്നു പറയുന്ന ബാങ്ക് കേരളത്തിലെ ഒരു കോർപ്പറേഷൻ ഏറ്റെടുത്തുകഴിഞ്ഞാൽ കോർപ്പറേഷൻ ആരംഭിക്കുന്ന ഓരോ റോഡിനും നാമമാത്രമായ 'ടോൾ' ഏർപ്പെടുത്തുക. eg: ഇരുചക്രവാഹനം ഒരു രൂപ, ഓട്ടോ റിക്ഷ രണ്ടുരൂപ, ലൈറ്റ് മോട്ടോർ വെഹിക്കിൾ അഞ്ച് രൂപ, അതിനു മുകളിൽ വരുന്ന വാഹനങ്ങൾ പത്തുരൂപ. ഇങ്ങനെ ലഭിക്കുന്ന സംഖ്യ 'ടോൾ' പിരിക്കുന്ന ഓഫീസും ബാങ്കിന്റെ ഓഫീസുമായി ഓൺലൈൻ ബന്ധപ്പെടുത്തുക. ഇങ്ങനെ ബന്ധപ്പെടുത്തുമ്പോൾ ഓഫീസിൽ വരുന്ന ഒരു രൂപപോലും ബാങ്കിന്റെ മാസ്റ്റർ കമ്പ്യൂട്ടറിൽ ശേഖരിക്കുന്നു. ഇതിൽ പൂർണ്ണമായും ഇടത്തട്ടുകാരെ ഒഴിവാക്കാം. ഇങ്ങനെ ലഭിക്കുന്ന പണം ഒരു ദിവസം തന്നെ ലക്ഷക്കണക്കിന് രൂപയുണ്ടാകും. ഈ പണം ഒരു ഭാഗത്ത് നിക്ഷേപമായി വരുകയും മറുഭാഗത്ത് ബാങ്ക് മുൻകൂറായി നൽകുന്ന വായ്പകൊണ്ട് യഥേഷ്ടം നല്ല റോഡുകൾ, ചെറിയ പാലങ്ങൾ, വൈദ്യുതി വിളക്കുകൾ, ട്രാഫിക് സൈൻ ബോർഡ്സ് തുടങ്ങിയ ഒട്ടേറെ മാറ്റങ്ങൾ ഉടനെതന്നെ കണ്ടു തുടങ്ങുന്നതാണ്. മനോഹരമായി മാറുന്ന നഗരത്തിൽ അഴുക്കുചാലുകൾ, വെള്ളം ശുചിത്വം തുടങ്ങിയവ പരിപൂർണ്ണമായും പാലിക്കാം.

ഇത് ഒരു സ്ഥിരം സംവിധാനമാക്കി മാറ്റിയാൽ കേരളം പശ്ചിമ യൂറോപ്പിലെ പോലെ ഉള്ള ആധുനിക നഗരങ്ങൾ കേരളത്തിൽ എവിടെ നോക്കിയാലും കാണാവുന്നതാണ്. ഇത്തരത്തിൽ നഗരം എന്ന സങ്കൽപ്പത്തെ വിഭാവനം ചെയ്യാൻ സാധിച്ചാൽ സർക്കാരിനോ, നഗരസഭയ്ക്കോ നൽകേണ്ട തുക ഒരു പക്ഷെ ഒന്നുമില്ലാതായേക്കാം.

## 2. വാഹന നികുതി

പ്രൈവറ്റ് വാഹനങ്ങളെന്നും, പബ്ലിക് വാഹനങ്ങളെന്നും രണ്ടു തരം വാഹനങ്ങളാണല്ലോ ഇവിടെ കൂടുതലായും കണ്ടുവരുന്നത്. ഈ വാഹനങ്ങളുടെ നികുതിസമ്പ്രദായം ഒരുതരം അപരിഷ്കൃത രീതിയിലാണെന്ന് പറയാം. ജനങ്ങൾ സ്വതന്ത്രമായി വാഹനം വാങ്ങിച്ച് ഇഷ്ടംപോലെ യാത്രചെയ്യട്ടെ. എന്നാൽ ഇവയുടെയെല്ലാം റോഡ് നികുതി ഏകീകരിക്കേണ്ടത് അത്യാവശ്യമാണ്. eg: (9+1) എന്ന കോൺട്രാക്റ്റ് കേരേജ് വാഹനം ടാക്സിയാവുമ്പോൾ 2520 രൂപയും പ്രൈവറ്റ് ആകുമ്പോൾ 945 രൂപയും ടാക്സ് ആകുന്നു. പ്രൈവറ്റ് വാഹനങ്ങൾക്ക് സി.എഫ്. 15 കൊല്ലത്തിൽ മാത്രമേ ഉള്ളൂ. ടാക്സി വാഹനങ്ങൾക്ക് എല്ലാവർഷവും സി.എഫ്. നടത്തണം. വാഹനങ്ങൾക്ക് ഓട്ടമില്ലാതെ വരികയും വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കും റോഡുനികുതിക്കും മാത്രമായി ഒരു വർഷത്തിൽ ടാക്സി ഉടമകൾക്ക് ഭീമമായ ഒരുസംഖ്യ ചിലവിടേണ്ടിവരുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ പ്രത്യക്ഷത്തിൽ മാത്രമല്ല പരോക്ഷമായി പറയുകയാണെങ്കിൽ സ്വയംതൊഴിൽ ചെയ്ത് ജീവിക്കാനായി ഇറ ങ്ങിതിരിക്കുന്നവർക്ക് വായ്പയുടെ പിൻബലത്തിൽ മാത്രമേ ഒരു വാഹനം സ്വന്തമാക്കാൻ സാധിക്കുകയുള്ളു. ഇങ്ങനെ സ്വന്തമാ ക്കുന്ന വാഹനങ്ങൾ മേൽപ്പറഞ്ഞ അമിതമായ അല്ലെങ്കിൽ ഭീമമായ സംഖ്യ ഓരോ വർഷം ചിലവിടുന്നതുകൊണ്ട് വാഹനഉടമയ്ക്ക് വായ്പ തിരിച്ചടക്കാൻ സാധിക്കുന്നില്ല. ഇതുമൂലം സ്വന്തം വാഹനം വായ്പ നൽകുന്ന കമ്പനി പിടിച്ചുകൊണ്ടുപോകുന്നത് നിസ്സഹായ നായി നോക്കി നിൽക്കാനേ വാഹന ഉടമയ്ക്ക് സാധിക്കുന്നുള്ളൂ. ഇതുമൂലം സ്വയംതൊഴിൽ ചെയ്ത് ജീവിക്കാനുള്ള ആഗ്രഹവും

തുടക്കത്തിലേ ഇല്ലാതാവുന്ന, ഒരുകൂട്ടം മാനസിക സംഘർഷമുള്ള മനുഷ്യരെ സൃഷ്ടിക്കാനേ ഇതുകൊണ്ട് സാധിക്കുന്നുള്ളൂ. മാത്രമല്ല സ്വയം വാഹനം ഓടിക്കാൻ സാധിക്കാത്ത വാഹന ഉടമയ്ക്ക് ഡ്രൈവറെ വച്ച് തൊഴിൽ മുൻപോട്ട് കൊണ്ടുപോകാൻ യാതൊരു കാരണവശാലും സാധിക്കുന്നില്ല. കാലചക്രങ്ങൾക്ക് പിന്നിൽ മറയപ്പെട്ടുപോയ ഒരുപാട് തൊഴിൽ മേഖലകളിൽ ഒന്നുകൂടി എഴുതപ്പെടുന്നു. ഡ്രൈവേഴ്സ് എന്ന തസ്തികകൂടി അന്യംനിന്നുപോകുന്നു.

എന്തിനും ഏതിനും ഗവൺമെന്റിനെ കുറ്റം പറയാനുള്ള ഒരു കൂട്ടം മനുഷ്യർകൂടെ ജന്മമെടുക്കുന്നു. ഇതിലും മറഞ്ഞിരിക്കുന്ന അപകടങ്ങൾ പിന്നേയുമുണ്ട്. വാഹനം പിടിച്ചെടുക്കുമ്പോൾ ഉടമയ്ക്ക് വരുന്ന വലിയ നഷ്ടവും ഫൈനാൻസ് കമ്പനിക്ക് വന്നുചേരുന്ന ഭീമമായ ലാഭവും ഇതിന്റെ ഒരു വശം മാത്രമാണ്. അതിനും ഉപരി വാഹനം പിടിച്ചെടുക്കാനായി നിയോഗിക്കപ്പെടുന്ന ഒരുകൂട്ടം ഗുണ്ടാസംഘങ്ങൾ കൂടെ ഇവിടെ പുനർജനിക്കപ്പെടുന്നു. ഇതിന് ഒരു പോംവഴി എല്ലാ വാഹനങ്ങൾക്കും തുല്യമായ ടാക്സ് ഏർപ്പെടുത്തുക എന്നുള്ളതാണ്. കൂടാതെ പുതിയ ഒരുതരം റോഡ് ചെക്കിംഗ് രീതിയും ഇവിടെ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

***ഉദാഹരണം:*** ആദ്യമായി ചെയ്യേണ്ടത് ആവശ്യത്തിന് ഉള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുക എന്നുള്ളതാണ്. അല്ലെങ്കിൽ പുതിയ ഒരു റോഡ് ചെക്കിംഗ് സേനയെ തന്നെ ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്. ഇവർക്ക് കുറച്ചു ദിവസത്തെ പരിശീലനം മാത്രം കൊടുത്താൽ ഈ സേനയിലെ ഒരു ഉദ്യോഗസ്ഥനും ആഴ്ചയിൽ അവധി ദിവസമുള്ള സർക്കാർ ജീവനക്കാരും ഒന്നോ

അതിലധികമോ ഉൾപ്പെട്ട സംഘമാക്കി മാറ്റിയെടുത്ത് ലക്ഷകണക്കിന് ദൈർഘ്യമുള്ള കേരളത്തിലെ റോഡുകളിൽ അങ്ങോളമിങ്ങോളം വെഹിക്കിൾ ചെക്കിംഗ് രീതി ആവിഷ്ക്കരിക്കുന്നത് കേരളത്തെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. ഇതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ റോഡുനികുതി അടക്കാത്ത ഒരു വാഹനങ്ങൾക്കും ഓടാൻ സാധിക്കില്ല. കൂടാതെ ഇൻഷുറൻസ്, ലൈസൻസ് തുടങ്ങിയവ ഇല്ലാതെയും വാഹനം ഓടിക്കാൻ സാധിക്കില്ല. അതിനുമുപരി കള്ള ടാക്സി, കള്ള വാഹനങ്ങൾ അനധികൃത സാധനങ്ങളുടെ കടത്തികൊണ്ടുപോകൽ തുടങ്ങിയവ ഒരുപരിധിവരെ പരിപൂർണ്ണമായി നിയന്ത്രിക്കാൻ സാധിച്ചേക്കും.

## 3. ലോട്ടറി സമ്പ്രദായത്തിന്റെ നവീകരണം

കേരളത്തിലെ ഇന്നത്തെ ലോട്ടറി സമ്പ്രദായം വളരെ വളരെ അപരിഷ്കൃതമായ രീതിയാണെന്ന് പറയാം. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് അമ്പതുലക്ഷമോ, ഒരു കോടിയോ നൽകാതെ ഈ പണം പലർക്കുമായി വീതിച്ചു നൽകാനുള്ള സമ്പ്രദായം വളർത്തിയെടുക്കുക. ഉദാഹരണത്തിന് ഒരു ലക്ഷംരൂപവീതം നൂറുപേർക്ക് നൽകുക. അൻപതിനായിരം രൂപവീതം നൂറുപേർക്ക് നൽകുക, ഇരുപത്തയ്യായിരം രൂപവീതം നൂറുപേർക്ക് നൽകുക, പതിനായിരം രൂപവീതം നൂറുപേർക്ക് നൽകുക.

| | | | | |
|---|---|---|---|---|
| 1,00,000 | x | 100 | = | 1,00,000.00 |
| 50,000 | x | 100 | = | 50,000,00 |
| 25,000 | x | 100 | = | 25,00,000 |
| 10,000 | x | 100 | = | 10,00,000 |
| | | **400** | | **1,85,00,000** |

ഒരു കോടി എൺപത്തിയഞ്ചുലക്ഷം രൂപ ഒരാഴ്ച നൽകാൻ തയ്യാറാകുക. ഇതിലൂടെ ഒരുവർഷം കേരളത്തിൽ രക്ഷപ്പെടുന്ന വ്യക്തികൾ അല്ലെങ്കിൽ കുടുംബങ്ങൾ ഇരുപതിനായിരത്തി എണ്ണൂറാണ്. മേൽപറഞ്ഞ കാര്യങ്ങൾ കേരളത്തിലെ ജനങ്ങളെ കേവലം മാനസികരോഗികളാക്കി മാറ്റാനല്ല. മറിച്ച്, മുൻപിൽ മരണമല്ലാതെ മറ്റൊന്നുമില്ലാത്ത ജനതയ്ക്ക് ഒരു തരത്തിൽ പറഞ്ഞാൽ, മഹത്തായ സോഷ്യലിസം തന്നെയാണ് (പലരിൽനിന്നും സ്വരൂപിച്ച പണം വേറെ മറ്റു പലർക്കുമായി നൽകപ്പെടുന്നു). അന്യസംസ്ഥാനങ്ങളിലെ ലോട്ടറി

ക്കമ്പനികൾ കേരളത്തിൽനിന്ന് കോടിക്കണക്കിന് രൂപയുടെ പണം കൊണ്ടുപോകുന്ന ഈ സന്ദർഭത്തിൽ ഇതിനെപ്പറ്റി ഭരണനേതൃത്വം കാര്യമായി ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും വളരെ വേഗത്തി ലാവണം.

കൂടാതെ ഇതിൽനിന്നുള്ള നേട്ടങ്ങൾ പ്രത്യക്ഷത്തിലും പരോ ക്ഷത്തിലും വളരെ വളരെ വലുതാണ്. കാരണം ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പ് ഖജനാവിലുള്ള സമ്പത്ത് മാത്രമല്ല, ജനങ്ങളുടെ സമ്പത്തിന്റെ സ്വതന്ത്രമായ നിലനിൽപ്പും വിപണനവുമാണ് സമ്പദ് ശക്തിയുടെ കാതൽ, സമ്പത്തിന്റെയും, മറ്റുള്ളവയുടേയും ക്രയവി ക്രയശേഷിയുള്ള ജനത ഒരിക്കലും തകർന്നുപോവുകയില്ല. ഭാഗ്യ സഹായം ഇല്ലെങ്കിൽപോലും ഇത്തരത്തിലുള്ള ജനതകൾ പിടിച്ചു നിൽക്കുന്ന ചരിത്രം ലോകത്തിൽ അങ്ങോളമിങ്ങോളം കാണാം. (ഉദാഹരണം ജപ്പാൻ, കൊറിയ) കൂടാതെ ഇത്തരം ജനതകൾ പ്രക്ഷോ ഭങ്ങൾക്കോ, അക്രമങ്ങൾക്കോ ജനാധിപത്യവിരുദ്ധ പ്രവർത്തന ങ്ങൾക്കോ മുതിരുകയില്ല.

മേൽപ്പറഞ്ഞ ലോട്ടറി കിട്ടുന്ന വ്യക്തി എന്തുചെയ്യുമെന്നുകൂടി അറിഞ്ഞിരിക്കേണ്ടത് അതിലും അത്യാവശ്യമാണ്. ഒരു നിർദ്ധന കുടുംബത്തിലെ വ്യക്തിക്കാണ് കിട്ടുന്നതെങ്കിൽ ആ വീട്ടിലെ ഒരു പെൺകുട്ടിയുടെ വിവാഹം ഈ പണംകൊണ്ട് നടക്കും. അല്ലെങ്കിൽ വീടുപണിയും, ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത് പലിശവാങ്ങാം, ബൈക്ക് വാങ്ങാം, കാറ് വാങ്ങാം, സ്ഥലം വാങ്ങാം വേറെ പലതും വാങ്ങാം, സ്വയംതൊഴിൽ കണ്ടെത്താം, ക്രയവിക്രയശേഷി വർദ്ധിച്ച് വർദ്ധിച്ച് സ്റ്റേറ്റിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ ഇതിടവരു ത്തും. ഇതിനെതിരെ ഏതെങ്കിലും ഒരു ജനകീയകോടതി നിയമ

വിരുദ്ധമാണെന്ന് വിധിച്ചാൽ അതിനെയെല്ലാം ശക്തിയുക്തം എതിർത്തു തോൽപ്പിക്കേണ്ടത് ലെജിസ്ലേറ്റീവ് അസംബ്ലിയുടേയും, ജനങ്ങളുടെയും തന്നെ അത്യാവശ്യമാണ്. കാരണവുമുണ്ട് ഈ രീതി അവലംബിക്കപ്പെടുമ്പോൾ ഇതിനായി തിരഞ്ഞെടുക്കപ്പെടേണ്ട ഏജന്റുമാർ, വികലാംഗർ, കുരുടർ, മുടന്തർ, വിധവകൾ സമൂഹ ത്തിലെ മറ്റു പീഢ അനുഭവിക്കുന്നവർ ഇവരെയാണ് ആദ്യം പരിഗ ണിക്കേണ്ടത്. ഇത്തരം പ്രവൃത്തികൾ ധാർമ്മികമായി ജനങ്ങളുടെ ജീവിതത്തിലേക്ക് സർക്കാരിന് ഇളംകാറ്റായി ഓടിക്കയറാനുള്ള ഒരു അസുലഭ അവസരം കൂടിയാണ്.

## 4. കള്ള് ചെത്തിന്റെ നൂതനമായ ആവിഷ്കാരം

കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോടൊപ്പം ഗവൺമെന്റിന് കോടിക്കണക്കിന് വരുമാനം നേടിയെടുക്കാനുമുള്ള അതിപ്രധാനമായ മേഖലയാണ് തെങ്ങിൽനിന്നും കള്ളെടുക്കുന്നത്. കേരളത്തിൽ തെങ്ങ് ചെത്തുന്നത് വളരെ ആദായകരമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഇത്തരം കള്ള് സൊസൈറ്റികൾ വഴി ശേഖരിച്ച് (പാൽ സൊസൈറ്റികൾപോലെ കള്ള് ശേഖരിക്കുന്നു സൊസൈറ്റികൾ) അതാത് സൊസൈറ്റിയുടെ കീഴിൽവരുന്ന കള്ള് ഷാപ്പുകളിൽ നേരിട്ട് വിതരണം നടത്തുക. അപ്പോൾ ഉപഭോക്താവിന് നല്ല കള്ള് ലഭിക്കുന്നു. കേരളത്തിൽ നിലവിലുള്ള അസംബ്ലി മണ്ഡലങ്ങളെ വേർതിരിച്ച് എല്ലാ മേഖലക്കും പ്രാധാന്യം ലഭിക്കുന്ന സ്ഥലങ്ങളിൽ കള്ള് സൊസൈറ്റികൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും. രണ്ട് തെങ്ങ് ചെത്തിയാൽ ഒരുമാസം മൂവായിരം രൂപയെങ്കിലും ലഭിക്കും. കേരളത്തിൽ നിലവിലുള്ള പ്രായമായ തെങ്ങുകൾ ദശലക്ഷക്കണക്കിനാണ്. ഇതിലൂടെ ലക്ഷക്കണക്കിന് യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നു. രൂപയുടെ ക്രയവിക്രയശേഷി വർദ്ധിക്കുകയും എല്ലാ മേഖലകളിലും സമ്പത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുകയും ചെയ്യും. ഇതിനായി കേരളത്തിലെ പല മേഖലകളിൽനിന്നും തൊഴിലില്ലാത്തവരായി കഴിഞ്ഞുകൂടുന്ന ഒട്ടനേകം യുവാക്കൾക്കും, യുവതികൾക്കും ആവശ്യമായ പരിശീലനം നൽകി കേവലം ഒരു മാസത്തിനുള്ളിൽ ഈ തൊഴിൽ ആരംഭിക്കാവുന്നതാണ്. വേറെ ജോലി ചെയ്യുന്നവർക്കുപോലും കാലത്ത് നേരത്തെ ചെയ്യുന്ന ഈ തൊഴിൽ പാർട്ട്ടൈമായും ചെയ്യാവുന്നതാണ്. ഇതിലൂടെ നല്ല മുന്തിയ ഇനം കള്ളും (നല്ല കള്ള് ആരോഗ്യത്തിന് നല്ലതാണ്) കള്ളിന്റെ ഉപോൽപ്പന്നങ്ങളും സമൃദ്ധ

മായും യഥേഷ്ടമായും ജനങ്ങൾക്ക് ലഭിച്ചു തുടങ്ങുന്നു. സാധാരണ ജനങ്ങളുടെ കൈകളിലേക്ക് ഒരുമാസം മൂവായിരം മുതൽ അയ്യായിരം രൂപവരെ അധികമായി ലഭിക്കുന്നതുമൂലം ജനങ്ങൾക്ക് പുതിയ സാമ്പത്തിക സമത്വം നിലവിൽ രൂപപ്പെട്ടുവരും. ഇതുമൂലം സമൂഹത്തിലെ വലിയവനും, ചെറിയവനും തമ്മിലുള്ള അന്തരം വളരെ വളരെ കുറയാൻ തുടങ്ങും.

രൂക്ഷമായ സാമ്പത്തിക മാന്ദ്യം മൂലം നോക്കുകുത്തികളായി മാറിയ കേരളത്തിലെ മുക്കിലും മൂലയിലുമുള്ള എല്ലാ ഷോപ്പുകൾക്കും പുത്തനുണർവ്വ് ജനങ്ങളുടെ സാമ്പത്തിക ക്രയവിക്രയം മൂലം ലഭിക്കുന്നു. മാത്രവുമല്ല മദ്യമുതലാളിമാരും സ്പിരിറ്റ് മാഫിയകളും മാറിമാറി വരുന്ന ഓരോ ഗവൺമെന്റിനേയും നിയന്ത്രിക്കുന്ന രീതി മാറി പൂർണ്ണമായും ജനാധിപത്യം കൈവരിക്കാൻ ഇതുപകരിക്കും. കൂടാതെ മദ്യമാഫിയകളുടെ അമിതപ്രലോഭനങ്ങളിൽ അകപ്പെട്ട് സ്വയം ജീവിതം ഹോമിക്കപ്പെടേണ്ടിവരുന്ന ഉദ്യോഗസ്ഥൻമാർ, യുവാക്കൾ, രാഷ്ട്രീയക്കാർ തുടങ്ങിയവർക്ക് അതിൽനിന്നും വിമോചനം നേടുന്ന ഒരു കാര്യം കൂടിയാണ് ഇത്. ഉദാഹരണം ഒരു ജോലി ഇല്ലാത്ത ചെറുപ്പക്കാരൻ അവന്റെ സാമ്പത്തികബുദ്ധിമുട്ടുമൂലം പെട്ടെന്ന് വശംവദയായി പോകുന്ന മേഖലയാണ് മദ്യമാഫിയക്കാരുടെ സാമ്രാജ്യം.ഈ സാമ്രാജ്യത്തിൽ അകപ്പെടുന്നവർ ഒരു ചെറിയ തെറ്റ് ചെയ്തതിന്റെ പ്രാശ്ചിത്തമയി അതിൽനിന്നും മോചനം ലഭിക്കാൻ അതിനേക്കാൾ വലിയ തെറ്റിലേക്ക് അറിയാതെ നയിക്കപ്പെടുന്നു. ഇത്തരം പ്രലോഭനങ്ങൾ അനിയന്ത്രിതമായി യുവാക്കൻമാരെ വഴിതെറ്റിക്കുന്ന വേറെയും പല മേഖലകളിലേക്ക് അവർ അറിയാതെ ആനയിക്കപ്പെട്ടുപോകുന്നു.

ഉദാഹരണം മയക്കുമരുന്ന് കടത്ത് അല്ലെങ്കിൽ വ്യാപാരം, ആയുധ കള്ളക്കടത്ത്, കള്ളനോട്ടുൽപ്പാദനം, കുഴൽപ്പണമിടപ്പാട്, ബോംബ് നിർമ്മാണം, മറ്റു അനാശാസ്യപ്രവൃത്തികൾ, മറ്റു തീവ്ര വാദപ്രവർത്തനങ്ങൾ, ഗുണ്ടാസംഘങ്ങളാവുക തുടങ്ങിയ ഒട്ടേറെ വഴിതെറ്റാവുന്ന മേഖലകൾ ഒന്നിനുപുറകെ ഒന്നായി ഇവിടെ തന്നെ യുണ്ട്. ഇതിന് കാതലായി മാറ്റം സംഭവിക്കണമെങ്കിൽ കേരളത്തിലെ നിലവിലുള്ള ചെറുപ്പക്കാർക്ക് സ്വയം ജീവിക്കാനുള്ള വരുമാനം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് ആദ്യപടി. ഇതിനായി മേൽപ്പ റഞ്ഞിരുന്ന പല നടപടികളും ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാ യിരിക്കണം കാരണം ഒരു മനുഷ്യൻ അടിസ്ഥാനപരമായി ക്രൂരനോ, ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവനോ അല്ല മറിച്ച് ഒരു ചെറിയ തെറ്റ് ചെയ്യുന്നതുമൂലം പിടിക്കപ്പെടുകയോ, പിടിക്കപ്പെടാതിരിക്കു കയോ ചെയ്യുമ്പോൾ അവൻ വളർന്ന് വളർന്ന് പടർന്ന് പന്തലിക്കു കയാണ്. ഇത്തരം ഒരവസ്ഥയിലേക്ക് യുവതലമുറയെ തള്ളിവിടു ന്നതിൽ മുഖ്യപങ്ക് ഗവൺമെന്റിന് ഇല്ല എന്നു പറയാതിരിക്കാൻ വയ്യ.

## 5. പൊതുമേഖലയിലെ റോഡുകളും ഗതാഗതവും

ഇന്ന് കെ.എസ്.ആർ.ടി.സി. സാമ്പത്തിക ബാദ്ധ്യതയിലൂടെയാണല്ലോ നടത്തികൊണ്ടുപോകുന്നത്. ഈ ഒരു കോർപ്പറേഷനെ ഒരു മാസം കൊണ്ട് കോടിക്കണക്കിന് രൂപ ലാഭമുള്ള കമ്പനിയാക്കി മാറ്റാൻ സാധിക്കും! (ഒരുവർഷം കൊണ്ട് 1000 കോടി ലാഭമുള്ള കമ്പനിയാക്കാം) സമർത്ഥിക്കട്ടെ, അയ്യായിരം ബസ്സുള്ള കെ.എസ്. ആർ.ടി.സി. നഷ്ടത്തിലും നാൽപ്പതിനായിരം ബസ്സുള്ള പ്രൈവറ്റ് കമ്പനികൾ ലാഭത്തിലും എങ്ങിനെ ഓടുന്നുവെന്ന് നോക്കാം. ഇതിനെ ഒന്നു തിരിച്ചുവെച്ചാൽ മതി നേരെമറിച്ചുള്ള അനുഭവമുണ്ടാകും എങ്ങിനെ?

കേരളത്തിലെ എല്ലാ റോഡുകളും സർക്കാരിന്റേതാണല്ലോ അതുകൊണ്ടുതന്നെ എല്ലാ ദീർഘദൂര ബസ്സുകളും പ്രൈവറ്റ് മേഖലക്ക് വിട്ടുകൊടുക്കുക. ഉദാഹരണം കാസർഗോഡുമുതൽ തിരുവനന്തപുരംവരെ എവിടെനിന്നും വരുന്ന ബസ്സുകൾക്കും പെർമിറ്റ് കൊടുക്കുക. ഡെയ്‌ലി 'ബാറ്റ' കണക്കാക്കി (ഒരു ദിവസം അഞ്ഞൂറു രൂപ മുതൽ രണ്ടായിരം രൂപവരെ വാടക ലഭിക്കാവുന്ന ഒരു മാർഗ്ഗമാണ്) എവിടെനിന്നും പെർമിറ്റ് ചോദിച്ചാലും നൽകുക. അഞ്ചുവർഷം മുതൽ 7 വർഷംവരെയുള്ള ബസ്സുകൾക്ക് മാത്രമെ ഇത്തരം പെർമിറ്റ് കൊടുക്കാവൂ. ബസിന്റെ പെർമിറ്റും ടൈംമിങ്ങും എല്ലാം കമ്പ്യൂട്ടർ വഴിയാക്കണം. അപ്പോൾ ഇവിടെ ഓടുന്ന എല്ലാ നല്ല ബസ്സുകളും പെർമിറ്റിന് അപേക്ഷിക്കുന്നു. കാരണം 10,000 രൂപമുതൽ 14,000 രൂപവരെ ഒരുദിവസം കളക്ഷൻ ലഭിക്കുന്ന കെ.എസ്.ആർ.ടി.സി. നഷ്ടത്തിലും 4000 രൂപ മുതൽ 6000 രൂപ വരെ ലഭിക്കുന്ന പ്രൈവറ്റ് വാഹനങ്ങൾ ലാഭത്തിലും ഓടുന്നു. ഇവർക്ക് ബസിന്റെ കളക്ഷൻ

കൂടുന്നതോടെ 'ഡെയ്‌ലി ബാറ്റക്ക്' അപേക്ഷ സമർപ്പിക്കുന്നവരുടെ എണ്ണം അതിശീഘ്രം വർദ്ധിക്കുന്നതാണ്. ഇതോടെ അന്യസംസ്ഥാനത്തുനിന്നുള്ള ബസ് കമ്പനികൾപോലും കേരളത്തിൽ ബസ്സ് ഓടിക്കാനുള്ള അപേക്ഷ സമർപ്പിച്ചുവെന്നും വരാം.

അങ്ങനെ കേരളത്തിലെ എല്ലാ ദീർഘദൂരബസുകളും പ്രൈവറ്റാക്കികളയാം എന്ന തോന്നലുണ്ടാകും. അപ്പോൾ ദീർഘദൂര പെർമിറ്റ് എടുക്കുന്ന ബസിന്റെ ലോക്കൽ പെർമിറ്റിൽ കെ.എസ്.ആർ. ടി.സി. വാഹനങ്ങളോടിക്കുക. അപ്പോൾ ജീവനക്കാരുടെ ജോലി പോവുകയില്ല. അതോടെ ബസ് കമ്പനികൾ നിലവിൽവരും. ഒരു മാസത്തെയെങ്കിലും പണം അഡ്വാൻസ് വാങ്ങണം. അപ്പോൾ സംസ്ഥാന ഖജനാവിൽ വന്നുചേരുന്ന പണം എത്രയെന്ന് എണ്ണി നോക്കാൻ പറ്റുമോ. ഇത്തരം പെർമിറ്റുകൾ കമ്പ്യൂട്ടർ വഴി നൽകുമ്പോൾ തന്നെ പൂർണ്ണമായും കൃത്യത പാലിക്കുന്നതോടെ ഇവിടെ നല്ല നല്ല ബസ്സുകൾ നിരത്തിലിറങ്ങാൻ തുടങ്ങും. അതോടെ യാത്രക്കാരുടെ അഭിരുചിക്കനുസരിച്ച് സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന മൽസരമായിരിക്കും പ്രൈവറ്റ് മേഖലയിൽ കാണാൻ പോകുന്നത്. ഇതിനായി ദീർഘദൂര സർവ്വീസുകൾ നടത്തുന്ന വാഹനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിൽ കയറിയിറങ്ങാനുള്ള സൗകര്യം നൽകണം. റെയിൽവേ സ്റ്റേഷന്റെ സമീപത്തുനിന്നുപോലും "കിളികൾ" ആളെ വിളിച്ചുകൊണ്ടുപോകുന്നു. അപ്പോൾ പുതിയതായി ഇറങ്ങുന്ന അൻപത്തിയഞ്ച് സീറ്റ് ബസുകളിൽനിന്നും ലഭിക്കുന്ന റോഡ് ടാക്സ് എത്രയെന്ന് നോക്കിക്കേ. ഇവ ബാങ്കിലടച്ച് ആർ.ടി. ഓഫീസിൽ ചെല്ലുമ്പോൾ ഉടനെ പെർമിറ്റ് നൽകണമെന്ന് ഉത്തരവിടുക. മരണപ്പാച്ചിൽ ഒഴിവാക്കാനായി 'ടൈംമിങ്ങ്' മുഴുവനായി

കമ്പ്യൂട്ടർ വഴിയാക്കുക. കോൺട്രാക്റ്റ് കേരേജ് എന്ന ഓമനപ്പേരോടെ ഇവിടെ സർവ്വീസ് നടത്തുന്ന നൂറുകണക്കിന് അന്യ സംസ്ഥാനത്തെ ബസ്സുകൾ നിരത്തിലോടുന്നത് കാണുന്നില്ലേ. മറ്റുള്ള സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് ഇവിടെനിന്നും അന്യസംസ്ഥാനത്തിലേക്ക് ദീർഘദൂരബസുകൾ കൂടുതലായി ഇറക്കുകയും അവ പ്രൈവറ്റ് മേഖലക്ക് വിട്ടുകൊടുക്കുകയും ചെയ്യുക. എല്ലാം ഡെയ്‌ലി ബാറ്റയുടെ അടിസ്ഥാനത്തിലായിരിക്കുക. അപ്പോൾ റിമോട്ട് കൺട്രോൾ എന്നും ഗവൺമെന്റിന്റെ കൈയ്യിൽ ഭദ്രമായിരിക്കും.

കോൺട്രാക്റ്റ് കേരേജ് വാഹനങ്ങൾക്ക് അന്യസംസ്ഥാന നികുതിയേക്കാളും വളരെ വളരെ കുറക്കുന്നത് ഈ വ്യവസായം ഇവിടെ തഴച്ചുവളരുന്നതിനിടയാക്കും. അതോടെ കോൺട്രാക്റ്റ് കേരേജ് എന്ന ഓമനപ്പേരോടെ ഇവിടെ ഓടുന്ന 'പുഷ്ബാക്ക്' വാഹനങ്ങൾ തമിഴ്നാട്ടിലും, കർണ്ണാടകയിലും രജിസ്ട്രേഷൻ നടത്താതെ കേരളത്തിൽ പുതിയതായി രജിസ്ട്രേഷൻ നടത്തി ഇവിടെ ടാക്സ് അടച്ച് അവിടെ ഓടാൻ തുടങ്ങും. നയപരവും ബുദ്ധിപൂർവ്വവുമായി ഈ രീതി ആവിഷ്ക്കരിക്കുന്നതോടെ ഇവിടെ ഒട്ടനേകം ബസ്സുകൾ രജിസ്ട്രേഷൻ നടത്തുകയും കേരള ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ റോഡ് ടാക്സ് ലഭിക്കുകയും ചെയ്യുന്നു. ഇതിലൂടെ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

## 6. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും സ്ഥലങ്ങളും

ഓരോ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും അതിനൂതനമായ ഒരു വലിയ ഷോപ്പിങ്ങ് സെന്റർ ആക്കി മാറ്റുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടത് പെട്ടെന്ന് തീരുമാനമെടുക്കേണ്ടതായ മേഖലയാണ്. ഒരു ലക്ഷം മുതൽ 25 ലക്ഷം രൂപവരെ വിലമതിക്കാവുന്ന റൂമുകൾ കേരളത്തിലെ ഓരോ ബസ്സ്റ്റാന്റിലും വാർത്തെടുക്കാവുന്നതാണ്. ഉദാഹരണമായി എറണാകുളത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നല്ലൊരു ഷോപ്പിങ്ങ് കോംപ്ലക്സിൽ റൂമിന് പത്തു ലക്ഷം രൂപ കിട്ടുമെങ്കിൽ അത് തുടങ്ങുന്ന വ്യക്തിയുടെയോ, വീട്ടുകാരുടെയോ അല്ലെങ്കിൽ എൻ.ആർ.ഐയുടെ പ്രത്യേക ഫേം ആയി രജിസ്റ്റർ ചെയ്യാൻ അനുവദിക്കുക. ഇതിനായി ഇത്രയും പണം പുറത്തേക്ക് ഇറക്കുന്ന വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വരുമാന നികുതി വിഭാഗത്തിൽനിന്നും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി നിയമപരമായി ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ളതോ, സർക്കാരിന്റെ കൈവശമുള്ളതോ ആയ സ്ഥലത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ് പണിയുക തന്നെവേണം. ഏറ്റവും ചെറിയ ഉദാഹരണമായി ആലുവ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിനെ ഇതിനോടുപമിക്കാം. ബസ്സ്റ്റാന്റിനുചുറ്റും ഷോപ്പിംങ്ങ് കോംപ്ലക്സും, സ്റ്റാന്റിനുള്ളിൽ ബസ്സ് പാർക്ക് ചെയ്യാനുള്ള സ്ഥലവും മതി. ഇതിലൂടെ തന്നെ അല്ലെങ്കിൽ ഇത്തരം ഷോപ്പുകൾ ആരംഭിക്കുന്നതിലൂടെ ഗവൺമെന്റിന് കോടിക്കണക്കിന് രൂപയുടെ അധിക വരുമാനം നേടാം. ഇത്തരം ബിൽഡിംങ്ങ് നിർമ്മിക്കുന്നതിന് പ്രൈവറ്റ് കൺസ്ട്രക്ഷൻ കമ്പനികളായിരിക്കും ഉചിതം. ഗ്രൗണ്ട് ഫ്ളോറടക്കം

മൂന്നുനില ഷോപ്പിംഗ് കോംപ്ലക്സും ഓരോ ബസ്സ്റ്റാന്റ് കോമ്പൗണ്ടിന് ഉള്ളിൽ ചുറ്റിലുമായി നിർമ്മിക്കുക. നിലവിലുള്ള കെ.എസ്. ആർ.ടി.സി. ഓഫീസുകൾ സെക്കന്റ് ഫ്ളോറിൽ പ്രവർത്തിച്ചാലും ഒന്നും സംഭവിക്കുകയില്ല.

## 7. നാഷണൽ പെർമിറ്റ്

പതിനായിരക്കണക്കിന് നാഷണൽ പെർമിറ്റ് (G/V) വാഹനങ്ങൾ കേരളത്തിൽ ഓടുന്നുണ്ട്. ഇതിൽ 80% വാഹനങ്ങളും അന്യസംസ്ഥാനത്തുനിന്നും വരുന്നവയാണ്. ഇപ്പോൾ ഓടുന്ന വാഹനത്തിന്റെ പത്തിരട്ടി നാഷണൽ പെർമിറ്റ് വാഹനങ്ങൾ രജിസ്ട്രേഷൻ നടത്താനായി ഗവൺമെന്റ് വിചാരിച്ചാൽ പെട്ടെന്ന് നടത്താം. ഇപ്പോൾ കേരളത്തിലോടുന്ന പത്ത് ടൺ വാഹനങ്ങൾക്ക് ടാക്സ് 3300 രൂപയും പെർമിറ്റ് ഫീസ് 1500 രൂപയുമാണ്. ഇത് ക്രമാനുസൃതമായി 3000 രൂപയും 500 രൂപയുമായി കുറക്കുക. കൂടാതെ ട്രക്ക് കമ്പനിയുടെ മാക്സിമം ടൺ ഏജ് ഓരോ വാഹനത്തിനും നൽകുക. ഇങ്ങനെ പുതിയതായി വരുന്ന വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തി ഉടനെ പെർമിറ്റ് നൽകുക (ബോർഡിൽ വെയ്ക്കാതെ). ഇങ്ങനെ ചെയ്യുന്നതിലൂടെ അന്യസംസ്ഥാനത്തെ ലക്ഷക്കണക്കിന് വാഹനങ്ങൾ കേരളത്തിൽവന്ന് രജിസ്ട്രേഷൻ നടത്തുകയും അന്യസംസ്ഥാനത്ത് ഓടുകയും ചെയ്യും. കേരളത്തിലെ റോഡുകൾ ഉപയോഗിക്കാതെ തന്നെ കേരളത്തിന് റോഡ് ടാക്സ് ലഭിക്കുന്ന മാർഗ്ഗമാണ്. നിയമത്തിന്റെ ചുവന്ന നാടക്കുള്ളിൽ ഇത്തരം വാഹനങ്ങളെ പിടിച്ചുകെട്ടാതെ സ്വതന്ത്രമായി വിടാൻ അനുവദിച്ചാൽ കേരള ഗവൺമെന്റിന് നൂറുകണക്കിന് കോടി രൂപയുടെ അധികവരുമാനം ലഭിക്കും. നാഷണൽ പെർമിറ്റ് ആർ.ടി.ഒ. മാർക്ക് മാത്രമല്ല J.R.T.O. പോലും അനുവദിക്കുന്ന രീതി നിലവിൽ വരണം. ഉദ്യോഗസ്ഥൻമാരും ഗവൺമെന്റും, ജനങ്ങളും ഒത്തുപിടിച്ചാൽ മലകൾ മാത്രമല്ല പർവ്വതങ്ങൾപോലും അടർത്തി കൊണ്ടുപോരാം.

## 8. മണലിന്റെ ലഭ്യത

കേരളത്തിലെ എല്ലാ നദികളിലും പുഴകളിലുമായി ആയിരക്കണക്കിന് കോടി രൂപയുടെ മണൽ മലകളിൽനിന്നും, പുഴയുടെ ഇരുകരകളിൽനിന്നും ഒലിച്ചിറങ്ങി മണൽ നിക്ഷേപമായി കിടപ്പുണ്ട്. ഇവയെല്ലാം അശാസ്ത്രീയമായ രീതിയിൽ വിതരണം ചെയ്യപ്പെടുകയോ, കടലിലേക്ക് ഒഴുകിപോവുകയോ ചെയ്യുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. മാത്രമല്ല "ഇത്തരം പ്രതിഭാസങ്ങൾ"കൊണ്ട് ഗവൺമെന്റിന് കാര്യമായ യാതൊരു നേട്ടവും ഉണ്ടാകുന്നില്ല. വഴിയിൽ ഒരു ലോറിയോ (മണൽ കയറ്റിപോകുന്ന) ഒരു ടെമ്പോയോ പിടിച്ചതുകൊണ്ടോ, കോടതിവളപ്പിലോ, പോലീസ് സ്റ്റേഷനിലോ കയറ്റി ഇട്ടതുകൊണ്ട് ഈ കച്ചവടത്തിൽ ആർക്കാണ് ലാഭം. നിയമാനുസൃതമായ ഒരു ഗവൺമെന്റ് നിലവിലുള്ള സ്ഥലങ്ങളിൽ ഭൂമിയും, ധാതുലവണങ്ങളും ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നിട്ടും ഈ അശാസ്ത്രീയമായ രീതിയിലുള്ള മണൽവാരൽ എന്തുകൊണ്ട് ഗവൺമെന്റിന് നേരിട്ട് നിർത്തലാക്കിക്കൂടാ. അമിതമായി മണൽഖനനം നടത്തുന്നതുമൂലം കേരളത്തിലെ പാലങ്ങളും, പുഴയോരങ്ങളും കടുത്ത ഭീഷണിയിലാണ്. ഇവയ്ക്ക് ശാസ്ത്രീയമായ രീതിയിൽ മണൽഖനനം ചെയ്യുകയും പാലങ്ങളും, പുഴയോരങ്ങളും സംരക്ഷിക്കുകയും വേണം.

ഓരോ ജില്ലയും അതാത് ജില്ലയിലെ കീഴിൽവരുന്ന പുഴയിൽനിന്ന് മണൽ ശേഖരിച്ച് മണലിന്റെ ഗുണനിലവാരമനുസരിച്ച് വേർതിരിച്ച് ഏത് കാലാവസ്ഥയിലും മണലിന്റെ ലഭ്യത ഉറപ്പുവരുത്തുക.

## 9. ചെറുകിട ഉൽപ്പന്നങ്ങളുടെ ശേഖരണവും, വിതരണവും

ചെറുകിട വ്യവസായങ്ങളുടെ ആരംഭവും, ഉൽപ്പാദനവും, വിതരണവും (അതിനുകഴിവുള്ളവർ തുടങ്ങട്ടെ) മാറ്റി നിർത്തി ചെറുകിട ഉൽപ്പന്നങ്ങളുടെ ശേഖരണവും, വിതരണത്തേയും കുറിച്ച് ചിന്തിക്കുക. ഇവയെല്ലാം പരിപൂർണ്ണമായി സഹകരണമേഖലയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് ഒരു വൻ സാമൂഹിക, സാമ്പത്തിക വിപ്ലവങ്ങൾ തന്നെ ഈ കുതിപ്പുമൂലം ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയും. ഉദാഹരണമായി അന്യസംസ്ഥാനത്തിൽനിന്നും വരുന്ന പല വ്യഞ്ജനവസ്തുക്കളായ ജീരകം, കടുക്, ഉലുവ, മുളകുപൊടി, മല്ലിപൊടി, മഞ്ഞൾപ്പൊടി തുടങ്ങിയ ഒട്ടേറെ ഉൽപ്പന്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് അവ ഏതെന്ന് മനസ്സിലാക്കി അത്തരം ഉൽപ്പന്നങ്ങൾ പാക്കറ്റിലാക്കി നേരിട്ടോ, അല്ലാതേയോ, മൊത്തവ്യാപാരികൾ മുഖേനയോ (ഇത്തരം സംരംഭങ്ങൾ കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുന്നത് നന്നായിരിക്കും) മുകളിൽ പറഞ്ഞ ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നത് ഇത്തരം സംഘങ്ങളിൽക്കൂടി മാത്രമെ നടത്താവൂ എന്ന നിലപാടിനോടുകൂടി ഗുണനിലവാരത്തിൽ യാതൊരു മാറ്റവും വരുത്തില്ലെന്ന് സംഘങ്ങളുടെ കനത്ത ഉറപ്പിന്റെ പിൻബലത്തിൽ സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടുകൂടി, സംഘങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ പണം മുടക്കാതെ തന്നെ കേരളത്തിൽ ഒട്ടേറെ വ്യക്തികൾക്ക് തൊഴിൽ ലഭിക്കുന്ന സഹകരണമേഖലയായി ഇതിനെ മാറ്റിയെടുക്കാനായി ആരെങ്കിലും മുന്നിട്ടിറങ്ങണം.

ആരും ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകാതെ സംസ്ഥാനം നശിച്ചു, ഇനി രക്ഷപ്പെടില്ല, ഇവിടെ ജോലിയില്ല, ഞങ്ങൾ നശിച്ചു,

ഇവിടെ ഒന്നുമില്ല എന്നുപറയുന്നതിൽ അർത്ഥമില്ല. വേറൊരു ഉദാഹരണം കൂടി പറയാം. വിദേശത്തുനിന്നും ഓരോ വർഷവും മലയാളികൾ അദ്ധ്വാനിക്കുന്ന 3500 കോടി രൂപയിലേറെ പണം ഇവിടേക്കൊഴുകിവരുന്നു. ഈ പണം മുഴുവൻ ഇവിടെ എന്തുചെയ്യുന്നു. പല ബാങ്കുകളിലും നിക്ഷേപിച്ച് അന്യസംസ്ഥാനത്തേക്ക് ബാങ്കുവഴി തന്നെ പണം കടത്തികൊണ്ടുപോവുകയും മറ്റുള്ള സംസ്ഥാനത്ത് വായ്പയായി കൊടുക്കുകയും ചെയ്യുന്നു. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ താൽപ്പര്യമില്ലാതെ ബാങ്കുകളിൽ നിക്ഷേപം നടത്താതിരിക്കാൻ ബോധവൽകരണം വളരെ അത്യാവശ്യമാണ്. ഒരു വർഷം 1500 കോടിയിലേറെ രൂപ ആഡംബരവസ്തുകൾക്കുവേണ്ടി മലയാളികൾ ചിലവഴിക്കുന്നു. കൂടുതലും കോസ്റ്റ്യൂംസിനുവേണ്ടി ചിലവഴിക്കുന്നു.

ഇതുകൂടാതെ മലയാളികൾ വീടുപണിയുമ്പോൾ സിമന്റ്, കമ്പി, പെയിന്റ്, ടൈൽസ് തുടങ്ങിയ ആവശ്യത്തിന് ചിലവാക്കുന്ന പണം മുഴുവനും അന്യസംസ്ഥാനത്തേക്ക് ഒഴുകുന്നു.

ഇവിടെയാണ് നാം കരുത്ത് കാണിക്കേണ്ടത്. സമ്പത്തിന്റെ ക്രയവിക്രയം അതിശീഘ്രഗതിയിൽ സാധ്യമാവുകയും, സമ്പത്തിന് സ്വതന്ത്രമായി തുറന്നുവിടുകയും ചെയ്താൽ കേരളം വെറും കേരളമല്ല സുന്ദരകേരളം! ദൈവത്തിന്റെ നാട്! തുടങ്ങിയ കിരീടങ്ങൾ ആത്മവിശ്വാസത്തോടെ അണിയുവാൻ സാധിക്കുന്ന കാലം വിദൂരമല്ല.

**ശുഭം**

## ഇനിയുമുണ്ട് വേറെ പലതും:

ശുദ്ധജലമത്സ്യ ഉൽപ്പാദനം, കർഷകനെ നക്ഷത്ര കർഷക നാക്കാം, ഓട്ടോ മൊബൈൽ സ്പെയർപാർട്സ് ഉൽപ്പാദന രംഗത്ത്  ആധുനിക സാങ്കേതികവിദ്യ (ഇപ്പോൾ കാര്യമായി കേരളത്തിലില്ല) ആയുർവേദ സുഖചികിത്സ കുറഞ്ഞ ചിലവിലാക്കുക, തദ്ദേശ ടൂറിസം, കേരളത്തിലെ മലനിരകളിൽ നിന്നൊഴുകുന്ന വെള്ളംകൊണ്ടും, സമതലങ്ങളിൽ പെയ്യുന്ന മഴ വെള്ളം കൊണ്ടും കേരളത്തിൽ പരിപ്പൂർണ്ണ ജലസമൃദ്ധി, വെള്ളം ചെറിയ ചെറിയ തോടുകൾ, അല്ലെങ്കിൽ കനാലുകൾ വഴി, പുഴയിലൂടെ പടിഞ്ഞാറോട്ടൊഴുകുന്ന വെള്ളം നാലു ദിശകളിലേക്കും ഒഴുക്കി വീണ്ടും വീണ്ടും വേനൽക്കാലത്ത് കിണറുകളിൽ വെള്ളം നിറയുന്ന രീതി (Water Circulation). കേരളത്തിലെ കായലുകളിൽ തദ്ദേശടൂറിസവിപ്ലവം, ഇറച്ചിക്കോഴികളുടെ ശക്തമായ ഉത്പ്പാദനം (ഇപ്പോൾ അന്യസംസ്ഥാനത്തുനിന്നും വരുന്നു) നമ്മുടെ സംസ്ഥാനം ശക്തമായ വസ്ത്രവിപണിയായിട്ടുകൂടി റെഡിമെയ്ഡ് വസ്ത്ര ഉൽപ്പാദനം വളരെ വളരെയധികം വർദ്ധിപ്പിക്കുക തുടങ്ങിയ ഒട്ടേറെ ലാഭകരമായ കേരളത്തിന് അനുകൂലമായ ഘടകങ്ങളുള്ള മേഖലകൾ ഒട്ടേറെയുണ്ട്.

NB: കേബിൾ ടിവിയും, സ്റ്റാർ ഹോസ്പിറ്റലുകളും, മരുന്നു കമ്പനികളും, മദ്യവും, ആശുപത്രികളും തമ്മിലുള്ള ബന്ധമെന്ത് ?

എന്റെ പിഴ, എന്റെ പിഴ, എന്റെ രാജ്യത്തിന്റെ വലിയപിഴ വൈദ്യശാസ്ത്രത്തിൽ മാത്രമല്ല ഇന്ത്യൻ രാഷ്ട്രീയ തിരഞ്ഞെടുപ്പിലും ഒരൊറ്റമൂലി പ്രയോഗിക്കുകയാണെങ്കിൽ ഒറ്റയടിക്ക് ഇന്ത്യൻ രാഷ്ട്രീയ തിരഞ്ഞെടുപ്പ് പാർലമെന്റിന്റേയോ, പ്രസിഡണ്ടിന്റേയോ ഒരു മിനിറ്റു നീളുന്ന വിജ്ഞാപനം പുറപ്പെടുവിച്ചാൽ സംശുദ്ധമാക്കാൻ കഴിയും! അതെന്ത്?

## നികുതി രഹിത ഭാരതം

അരമിനിറ്റുകൊണ്ട് എഴുതിതീരുകയും, ആറുമാസം കൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുകയും, തുടർന്ന് ആറു മാസം കൊണ്ട് നടപ്പിൽ വരുത്തുകയും ചെയ്താൽ നൂറുകോടി ജനങ്ങളുള്ള ഇന്ത്യയെന്ന മഹാദരിദ്ര രാജ്യം ലോകത്തിലെ ഏറ്റവും സമ്പന്ന രാഷ്ട്രമാക്കി കുതിച്ചുകയറാൻ മൊത്തം ഒരുവർഷം മതി! ഈ ഫോർമുല എന്ത് ?

കേരളത്തിന്റെ വികസനത്തിനുപകരിക്കുന്ന കുറെ നല്ല നിർദ്ദേശങ്ങളും, പരിഹാരങ്ങളും ഉൾക്കൊണ്ടിരിക്കുന്നതാണീ പുസ്തകം. കേരളത്തിന്റെ നവോത്ഥാനത്തെക്കുറിച്ച് ആഗ്രഹിക്കുന്നവർക്കും, ഇതിനെക്കുറിച്ച് പഠിക്കുന്നവർക്കും ഒരു നല്ല വഴികാട്ടിയാണ് ഊ പുസ്തകമെന്നതിൽ സംശയമില്ല. കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിച്ച് എഴുതിയതാണ് ഈ പുസ്തകം. ലക്ഷ്യബോധമില്ലാത്ത യുവതലമുറയുടെ യഥാർത്ഥപ്രശ്ങ്ങൾ മനസ്സിലാക്കി അവയെ നിശ്ശേഷം ഇല്ലാതാക്കി പുതിയ ഒരു ദിശാബോധം ആരും അറിയൊതെയോ, അടിച്ചേൽപ്പിക്കാതെയോ, രൂപപ്പെടും എന്നതിൽ സംശയങ്ങൾക്ക് ഇടമില്ല.

എന്ന്
SM

